**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **01-09-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹിക സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകൾ കൃത്യമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓണത്തിനു മുൻപായി കുടിശ്ശികയുള്ള സാമൂഹിക സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022 ജൂൺ വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 25/08/2022 തീയതിയിലെ സ.ഉ.(സാധാ)നം. 6030/2022/ധന. നമ്പർ ഉത്തരവ് പ്രകാരം 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ അനുവദിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്എഫ്സി – ബി) വകുപ്പ്**

**സ.ഉ.(സാ.ധാ) നം.6030/2022/ധന** **തീയതി, തിരുവനന്തപുരം, 25.08.2022**

പരാമർശം:- 1. സ.ഉ (എം.എസ്) നം. 16/2021/ധന തീയതി 03/02/2021

2. സ.ഉ (സാധാ) നം. 2805/2022/ധന തീയതി 07.04.2022

3. സ.ഉ (കൈ) നം. 89/2022/ധന തീയതി 25/05/2022

4. സ.ഉ (സാധാ) നം. 4658/2022/ധന തീയതി 27/06/2022

5. പഞ്ചായത്ത് ഡയറക്ടറുടെ 24.08.2022 - ലെ പി.എ.എൻ/3376/2022/ഡിബിടി2(ഡി.പി) നമ്പർ കത്ത്.

**ഉത്തരവ്**

ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നല്കിവരുന്നു. 2022 ജൂൺ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (4) പ്രകാരം അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഓണം പ്രമാണിച്ച് 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരുമിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. 5,024,790 ഗുണഭോക്താക്കൾക്ക് 2022 ജൂലൈ മാസത്തിലേയ്ക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 767,31,75,700/- രൂപയും (എഴുന്നൂറ്റി അറുപത്തിയേഴ് കോടി മുപ്പത്തിയൊന്നു ലക്ഷത്തി എഴുപത്തിയയ്യായിരത്തി എഴുന്നൂറു രൂപ മാത്രം), 50,53,223 ഗുണഭോക്താക്കൾക്ക് 2022 ആഗസ്റ്റ് മാസത്തിലേയ്ക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 771,74,64,500/- രൂപയും (എഴുന്നൂറ്റി എഴുപത്തിയൊന്നു കോടി എഴുപത്തിനാലു ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറു രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 5,024,790 ഗുണഭോക്താക്കൾക്ക് 2022 ജൂലൈ മാസത്തിലേയ്ക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 767,31,75,700 /- രൂപയും (എഴുന്നൂറ്റി അറുപത്തിയേഴ് കോടി മുപ്പത്തിയൊന്നു ലക്ഷത്തി എഴുപത്തിയയ്യായിരത്തി എഴുന്നൂറു രൂപ മാത്രം), 50,53,223 ഗുണഭോക്താക്കൾക്ക് 2022 ആഗസ്റ്റ് മാസത്തിലേയ്ക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 771,74,64,500/- രൂപയും (എഴുന്നൂറ്റി എഴുപത്തിയൊന്നു കോടി എഴുപത്തിനാലു ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2022 ജൂലൈ മാസത്തെ 5,024,790 ഗുണഭോക്താക്കൾക്കും (ബാങ്ക് 2,619,846 + ഡി.ടു.എച്ച് 2,404,944), ആഗസ്റ്റ് മാസത്തെ 5,053,223 ഗുണഭോക്താക്കൾക്കും (ബാങ്ക് 2,635,087 + ഡി.ടു.എച്ച് 2,418,136) സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 1539,06,40,200/-രൂപയിൽ(ആയിരത്തി അഞ്ഞൂറ്റിമുപ്പത്തിയൊമ്പതു കോടി ആറു ലക്ഷത്തി നാൽപ്പതിനായിരത്തി ഇരുന്നൂറു രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 800,82,38,800/- രൂപയിൽ (എണ്ണൂറു കോടി എൺപത്തിരണ്ടു ലക്ഷത്തി മുപ്പത്തിഎണ്ണായിരത്തി എണ്ണൂറു രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 3,99,91,976/- രൂപ കുറവു ചെയ്ത് ബാക്കി തുകയായ 796,82,46,824/- രൂപ (എഴുന്നൂറ്റി തൊണ്ണൂറ്റിയാറു കോടി എൺപത്തിരണ്ടു ലക്ഷത്തി നാല്പത്താറായിരത്തി എണ്ണൂറ്റിയിരുപത്തിനാലു രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ:67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 738,24,01,400/- രൂപയിൽ (എഴുന്നൂറ്റി മുപ്പത്തിയെട്ടു കോടി ഇരുപത്തിനാലു ലക്ഷത്തി ആയിരത്തി നാന്നൂറു രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 15,46,400/- രൂപ കുറവു ചെയ്ത് ബാക്കി തുകയായ 738,08,55,000/-രൂപ (എഴുന്നൂറ്റി മുപ്പത്തിയെട്ടു കോടി എട്ടു ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി.

അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ: 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തിന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു.

4. പെൻഷൻ വിതരണം 26/08/2022 മുതൽ തന്നെ ആരംഭിയ്ക്കേണ്ടതും 05/09/2022-നുള്ളിൽ പൂർത്തീകരിയ്ക്കേണ്ടതുമാണ്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 2022 സെപ്റ്റംബർ 17-നകം കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 11011801000251 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്. രണ്ട് മാസത്തെ പെൻഷൻ ഒന്നിച്ച് നൽകുന്നതിനാൽ സഹകരണ സംഘങ്ങൾക്ക് ഒരു ഇൻസെന്റീവിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്നും ഉത്തരവാകുന്നു.

5. കോവിഡ് പശ്ചാത്തലത്തിൽ എല്ലാ മുൻ കരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

Hari Lovil

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2022 ജൂലൈ മാസത്തെ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്റ്റ് ടു ഹോം (രൂപ) | | ആകെ (രൂപ) | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 6472 | 10251200 | 15275 | 24075000 | 21747 | 34326200 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 156799 | 237738400 | 168246 | 253606600 | 325045 | 491345000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 17526 | 27710600 | 20032 | 31576200 | 37558 | 59286800 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3861 | 6034600 | 5708 | 8917800 | 9569 | 14952400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 67528 | 106191800 | 64908 | 101915800 | 132436 | 208107600 |
| | **ആകെ** | **252186** | **387926600** | **274169** | **420091400** | **526355** | **808018000** |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 2212 | 3491200 | 1390 | 2203000 | 3602 | 5694200 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 135804 | 205818400 | 70243 | 107901800 | 206047 | 313720200 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 17228 | 27207800 | 6954 | 11004400 | 24182 | 38212200 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5024 | 7840400 | 3304 | 5174400 | 8328 | 13014800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 73080 | 113360000 | 23496 | 36881600 | 96576 | 150241600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | **ആകെ** | **233348** | **357717800** | **105387** | **163165200** | **338735** | **520883000** |
| ഗ്രാമപഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 123709 | 193510400 | 222569 | 349217400 | 346278 | 542727800 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1207787 | 1795659200 | 1084672 | 1622848200 | 2292459 | 3418507400 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 169753 | 268621800 | 173329 | 274074400 | 343082 | 542696200 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ ക്കുള്ള പെൻഷൻ | 28395 | 44350000 | 38693 | 60432800 | 67088 | 104782800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 604668 | 944453800 | 506125 | 791106700 | 1110793 | 1735560500 |
| | **ആകെ** | **2134312** | **3246595200** | **2025388** | **3097679500** | **4159700** | **6344274700** |
| **ആകെ മൊത്തം** | | **2619846** | **3992239600** | **2404944** | **3680936100** | **5024790** | **7673175700** |

## അനുബന്ധം

### 2022 ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്റ്റ് ടു ഹോം (രൂപ) | | ആകെ (രൂപ) | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 6490 | 10280000 | 15291 | 24100600 | 21781 | 34380600 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 157930 | 239474000 | 169482 | 255499200 | 327412 | 494973200 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 17609 | 27840400 | 20125 | 31719000 | 37734 | 59559400 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3874 | 6054400 | 5725 | 8945000 | 9599 | 14999400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 67770 | 106576000 | 65112 | 102240200 | 132882 | 208816200 |
| | **ആകെ** | **253673** | **390224800** | **275735** | **422504000** | **529408** | **812728800** |
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 2219 | 3502400 | 1391 | 2204600 | 3610 | 5707000 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 137042 | 207710200 | 71903 | 110494800 | 208945 | 318205000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 17316 | 27345600 | 6986 | 11052600 | 24302 | 38398200 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5041 | 7866600 | 3321 | 5201600 | 8362 | 13068200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 73426 | 113904600 | 23655 | 37134000 | 97081 | 151038600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | **ആകെ** | **235044** | **360329400** | **107256** | **166087600** | **342300** | **526417000** |
| ഗ്രാമപഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 124047 | 194050200 | 222806 | 349594600 | 346853 | 543644800 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1216883 | 1809802800 | 1092416 | 1634856600 | 2309299 | 3444659400 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 170395 | 269631000 | 173813 | 274835800 | 344208 | 544466800 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 28487 | 44497200 | 38770 | 60554000 | 67257 | 105051200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 606558 | 947463800 | 507340 | 793032700 | 1113898 | 1740496500 |
| | **ആകെ** | **2146370** | **3265445000** | **2035145** | **3112873700** | **4181515** | **6378318700** |
| **ആകെ മൊത്തം** | | **2635087** | **4015999200** | **2418136** | **3701465300** | **5053223** | **7717464500** |